നെൽവയൽ സംരക്ഷണ നിയമം

145 (1178) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ രേഖകളിൽ ഭൂമിയുടെ തരം മാറ്റി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(ബി) നെൽവയൽ സംരക്ഷണ നിയമപ്രകാരം ഏതെല്ലാം ഗാർഹിക ആവശ്യങ്ങൾക്കായി നിലം നികത്തുന്നതിനാണ് അനുവാദം നൽകുന്നത്, ഇതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിയമപ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പുനലൂർ താലൂക്കിൽ ഉൾപ്പെട്ട അഞ്ചൽ വില്ലേജിന്റെ പരിധിയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയത് പ്രകാരം എത്ര പേർക്ക് അനുവാദം നൽകിയെന്നും സർവ്വേ നമ്പർ, വിസ്തൃതി എന്നിവ സഹിതം വാർഷിക അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇപ്രകാരം ഗാർഹികേതര ആവശ്യങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) റവന്യൂ രേഖകളിൽ ഭൂമിയുടെ തരംമാറ്റി നൽകുന്നതിന് നിലവിലെ നിയമങ്ങളിൽ വ്യവസ്ഥയില്ല.

(ബി) ഗാർഹികാവശ്യത്തിന് നിലം നികത്തുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 5, 9 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള ഏതൊരപേക്ഷയും ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് ചട്ടം 5-ൽ വ്യക്തമാക്കിയിട്ടുണ്ട്. സമിതിയുടെ ശിപാർശ സഹിതം പരമാവധി 60 ദിവസത്തിനകം അപേക്ഷ ജില്ലാതല അധികൃത സമിതിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുക്കേണ്ടതും ജില്ലാതല അധികൃത സമിതി ഒരു മാസത്തിനകം ആയതിന്മേൽ തീരുമാനമെടുക്കേണ്ടതുമാണ്. ജില്ലാതല അധികൃത സമിതിക്ക് പരിഗണനയ്ക്കയയ്ക്കുന്ന ശിപാർശകളിൽ പ്രാദേശികതല നിരീക്ഷണ സമിതി

1. അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നു കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലെന്നും,

LIBRARY ARCHIVES Kerala Legislative Assembly

2. നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിനുപറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ലെന്നും,

3. കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും,

4. പ്രസ്തുത നെൽവയൽ, മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ലെന്നും ശിപാർശ ചെയ്താൽമാത്രമേ അപ്രകാരമുള്ള ഏതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നെൽവയലിന്റെ ഉടമസ്ഥന് വീടുവയ്ക്കുന്നതിനുവേണ്ടി, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി ശിപാർശ ചെയ്യുവാൻ പാടുള്ളതല്ല. നിയമത്തിലെ വകുപ്പ് 9(6) പ്രകാരം ജില്ലാതല അധികൃത സമിതിയുടെ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പതുദിവസത്തിനകം കളക്ടർക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ്.

(സി) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ വില്ലേജിന്റെ പരിധിയിൽ ആകെ 24 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടി 24 അപേക്ഷകർക്കും അനുമതി നൽകിയിട്ടുള്ളതുമാണെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*

മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ

146 (1179) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ വ്യാപകമായി നടക്കുന്ന വൻകിട കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച ഭൂമി വീണ്ടും കൃത്രിമ രേഖകൾ ഉണ്ടാക്കി കൈവശപ്പെടുത്തിയത് അറിവുള്ളതാണോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly